## 'സ്വാദേറിയ മീൻ തിന്ന് പോരാം'

**നവംബർ** അവസാനവാരം അമേരിക്കയിലെ മേരിലാന്റിലെ അന്നപൊലിസിൽ നടക്കുമെന്ന് കരുതപ്പെടുന്ന ഫലസ്ത്വീൻ സമാധാന സമ്മേളനത്തെക്കുറിച്ച് പ്രശസ്ത ഈജിപ്ഷ്യൻ എഴുത്തുകാരൻ മുഹമ്മദ് ഹുസൈൻ ഹൈക്കലിന്റെ കമന്റാണിത്. "സ്വാദേറിയ മത്സ്യങ്ങൾക്ക് പേരുകേട്ട സ്ഥലമാണ് അന്നപൊലിസ്. അവിടെ നടക്കുന്ന സമ്മേളനത്തിൽ പങ്കെടുക്കുന്ന അറബ് നേതാക്കൾക്ക് ഈ മീൻകറിയിൽ കവിഞ്ഞൊന്നും കിട്ടാനിടയില്ല. അതിനു പകരമായി ഫലസ്ത്വീൻ പ്രശ്നം തന്നെ ഞങ്ങൾ കുഴിച്ചുമൂടിയിരിക്കുന്നു എന്ന് അവർക്ക് ഒപ്പിട്ടുകൊടുക്കേണ്ടിയും വരും."

അറബ്-ഇസ്രയേൽ ബന്ധം മെച്ചപ്പെടുത്തി അറബികളുടെ പണം തഞ്ചത്തിൽ ഇസ്രയേലിലെത്തിക്കാനുള്ള ഗൂഢ നീക്കവും ഇതിന്റെ പിന്നിലുണ്ടെന്ന് അൽജസീറ ചാനലിൽ 'അൽ മസ്വീർ' എന്ന പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ഹൈക്കൽ പറഞ്ഞു. മുൻ ഇസ്രയേൽ പ്രധാനമന്ത്രി ഏരിയൽ ഷാരോണിന്റെ കാലത്താണ് ഫലസ്ത്വീൻ പ്രശ്നം 'കുഴിച്ചുമൂടാനുള്ള' പദ്ധതി തയാറാക്കിയത്. 2005-ൽ ജോർജ് ബുഷും ഷാരോണും തമ്മിൽ നടത്തിയ കത്തിടപാട് ഇതിന് തെളിവാണ്. പടിഞ്ഞാറെ കരയിലെ ഇസ്രയേലീ കുടിയേറ്റം ഒഴിപ്പിക്കില്ലെന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന ഫലസ്ത്വീൻ അഭയാർഥികളെ ഫലസ്ത്വീനിലേക്ക് തിരിച്ചുവരാൻ അനുവദിക്കില്ലെന്നും ബുഷ് തന്റെ കത്തിൽ ഷാരോണിന് ഉറപ്പു നൽകിയിരുന്നു. അതേസമയം ഫലസ്ത്വീൻ ഭരണകൂടം എന്ത് വില കൊടുത്തും 'ഫലസ്ത്വീൻ ഭീകരത' അമർച്ച ചെയ്യുകയും വേണം. തീർത്തും ഏകപക്ഷീയമായ ഈ പദ്ധതി അറബികളെക്കൊണ്ട് അംഗീകരിപ്പിക്കാനാണ് സമ്മേളനം വിളിച്ചിരിക്കുന്നത്.

ആസന്നമെന്ന് കരുതിയ അമേരിക്കൻ ആക്രമണത്തിൽനിന്ന് ഇറാനെ രക്ഷിച്ചത് പാകിസ്താനിലെ കുഴഞ്ഞുമറിഞ്ഞ രാഷ്ട്രീയ സ്ഥിതിഗതികളാണെന്ന് ഹൈക്കൽ അഭിപ്രായപ്പെട്ടു. "അണുബോംബുള്ള രാഷ്ട്രമാണ് പാകിസ്താൻ. പർവേസ് മുശർറഫ് പുറത്താക്കപ്പെട്ടാൽ, ഭരണത്തോടൊപ്പം അണുബോംബും ഇസ്‌ലാമിസ്റ്റുകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുമെന്ന് അമേരിക്ക ഭയക്കുന്നു. ഇങ്ങനെയൊരു അധികാര മാറ്റം അമേരിക്കയും ഇസ്രയേലും ഒരിക്കലും അനുവദിക്കുകയില്ല. അതിനു മുമ്പ് പാകിസ്താന്റെ ആണവ റിയാക്ടറുകൾ ഒന്നടങ്കം അവർ നശിപ്പിക്കാനും സാധ്യതയുണ്ട്."

ഹൈക്കലിന്റെ നോട്ടത്തിൽ, അമേരിക്ക പരമ്പരാഗത രീതിയിലുള്ള ഒരു സൈനികാക്രമണം ഇറാനെതിരെ നടത്താനിടയില്ല. ഇപ്പോഴുള്ള ഭരണകൂടത്തെയും അധികാരകേന്ദ്രങ്ങളെയും പുറത്താക്കി ഷായെപ്പോലെ അമേരിക്കൻ വിധേയത്വമുള്ള ഒരു ഭരണാധികാരിയെ പ്രതിഷ്ഠിക്കാനായിരിക്കും അവർ ശ്രമിക്കുക. സൈനികാക്രമണം ഇറാനിയൻ ജനതയെ പ്രകോപിപ്പിക്കും. അതൊരു നീണ്ട യുദ്ധത്തിലാവും കലാശിക്കുക.

ഇറാഖിലെ അമേരിക്കൻ സൈനിക കേന്ദ്രങ്ങൾക്കെതിരെ ഇറാന് എളുപ്പത്തിൽ ആക്രമണം നടത്താം എന്ന കണക്കുകൂട്ടലും അമേരിക്കൻ നീക്കത്തെ മന്ദഗതിയിലാക്കുന്നുണ്ട്. ഈയടുത്ത് ഇറാനിയൻ വിപ്ലവ ഗാർഡുകളെ അമേരിക്ക ഭീകരപ്പട്ടികയിൽ ഉൾപ്പെടുത്തിയെങ്കിലും പാകിസ്താൻ പ്രശ്നത്തെ തുടർന്ന് തുടർ നടപടികൾ മരവിപ്പിക്കുകയായിരുന്നു. ■

## 'ഇറമ ദാത്തിൽ ഇമാദ്....'

**"താങ്കൾ** കണ്ടിട്ടില്ലയോ, ആദ് വർഗത്തോട് താങ്കളുടെ റബ്ബ് എന്താണ് ചെയ്തതെന്ന്? അതായത്, ഉന്നത സ്തൂപങ്ങളുള്ള ഇറമിനോട്? അവർക്ക് തുല്യം ഒരു ജനം നാടുകളിലൊന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല" (89:6-8). ഇറം നാഗരികതയെക്കുറിച്ച ഈ ഖുർആനിക വിവരണം എത്ര കൃത്യമാണെന്ന് ആധുനിക പുരാവസ്തു ഗവേഷണങ്ങൾ തെളിയിച്ചുകൊണ്ടിരിക്കുന്നു. സ്തൂപങ്ങൾ കൊത്തിയുണ്ടാക്കുകയും വൻ മണിമന്ദിരങ്ങൾ പണിയുകയും ചെയ്തവരായിരുന്നു ആദ് സമൂഹം. അവരിലേക്ക് അയക്കപ്പെട്ട പ്രവാചകനായിരുന്നു ഹൂദ്. പ്രവാചകാധ്യാപനങ്ങളെ തെല്ലും വകവെക്കാതെ അസാന്മാർഗികതയിലേക്ക് കൂപ്പുകുത്തിയ അഹങ്കാരികളായ ഈ സമൂഹം നശിപ്പിക്കപ്പെടുകയായിരുന്നു. അമ്മാനിലെ ഉഫാർ മേഖലയിൽ മണൽ മൂടിക്കിടന്ന ഇവരുടെ ആവാസകേന്ദ്രങ്ങൾ പുരാവസ്തു ഗവേഷകർ കണ്ടെടുക്കുകയുണ്ടായി. കൂടുതൽ ചിത്രങ്ങൾ *ഇസ്‌ലാം ഓൺലൈൻ* നെറ്റിൽ(അറബി)ൽ. ■

## ബേനസീർ ഭുട്ടോയുടെ മലക്കം മറിച്ചിൽ

**ബേനസീർ** ഭുട്ടോയുടെ അവസാനത്തെ മലക്കംമറിച്ചിലാണോ ഇത് എന്ന് തീർത്തു പറയാറായിട്ടില്ല. നവംബർ 13-ന് നടത്തിയ പ്രസ്താവനയിലാണ് 360 ഡിഗ്രി നിലപാട് മാറ്റം ദൃശ്യമായത്. 'മുശർറഫ് പ്രസിഡന്റായിരിക്കെ പ്രധാനമന്ത്രിയാവാൻ ഞാനില്ല. കാരണം അദ്ദേഹം പട്ടാളത്തെ വിട്ട് പാക് സമൂഹത്തെ അടിച്ചമർത്തുകയാണ്. അങ്ങനെയൊരാളുമായി എങ്ങനെ ഒത്തു പോകും?' ബേനസീർ ചോദിച്ചു. ജനുവരി ഒമ്പതിന് മുശർറഫ് പ്രഖ്യാപിച്ചിട്ടുള്ള പൊതുതെരഞ്ഞെടുപ്പ് തന്റെ പാർട്ടി ബഹിഷ്കരിച്ചേക്കുമെന്നും അവർ സൂചന നൽകി.

മുശർറഫുമായി അധികാരം പങ്കിടുന്നതിനാണ് ബേനസീർ പ്രവാസ ജീവിതം മതിയാക്കി ദുബൈയിൽനിന്ന് പാകിസ്താനിൽ തിരിച്ചെത്തിയത് എന്നായിരുന്നു മുഖ്യ ആരോപണം. മുശർറഫിനെതിരെ പീപ്പ്ൾസ് പാർട്ടി സംഘടിപ്പിച്ച പ്രക്ഷോഭങ്ങൾ പ്രഹസനങ്ങളായി കലാശിച്ചത് ഈ ആരോപണത്തിന് ശക്തിപകർന്നു. ഈ നില തുടർന്നാൽ ജനരോഷത്തിൽ തന്റെ പാർട്ടി തകർന്നടിയുമെന്ന് അവർ മുൻകൂട്ടി കണ്ടു. അതുകൊണ്ടാവണം അമേരിക്കയുടെ ഇംഗിതം തൽക്കാലത്തേക്കെങ്കിലും മാറ്റിവെച്ച് അവർ കളം മാറിച്ചവിട്ടിയത്.

നിലപാടുമാറ്റത്തിനു ശേഷം ബേനസീർ മുത്തഹിദ മജ്ലിസെ അമൽ (എം.എം.എ) എന്ന ആറ് കക്ഷി സഖ്യത്തിന്റെ തലവനും ജമാഅത്തെ ഇസ്ലാമി അമീറുമായ ഖാദി ഹുസൈൻ അഹ്മദുമായി ഫോണിൽ സംസാരിച്ചത് രാഷ്ട്രീയ കേന്ദ്രങ്ങളെ അമ്പരപ്പിച്ചു. ഖാദിയെ പരാമർശിക്കേണ്ടിവരുമ്പോഴെല്ലാം 'മതതീവ്രവാദി' എന്ന് അപഹസിക്കുകയാണ് ബേനസീറിന്റെ സ്ഥിരം ശൈലി. മുശർറഫിനോടുള്ള നിലപാടിൽ മറ്റു പ്രതിപക്ഷ കക്ഷികളിൽ ഭിന്നതയും ശൈഥില്യവും പ്രകടമായപ്പോൾ, തുടക്കം മുതലേ കടുത്ത മുശർറഫ്‌വിരുദ്ധ നിലപാടിലായിരുന്നു എം.എം.എ. ആ നിലപാടിന് വ്യാപകമായ അംഗീകാരം ലഭിക്കുകയും ചെയ്തു. ബദ്ധവൈരികളാണെങ്കിലും എം.എം.എയുമായി സഹകരിക്കാതിരിക്കുന്നത് തന്റെ രാഷ്ട്രീയ നിലനിൽപിനെ അപകടപ്പെടുത്തുമെന്ന് ബേനസീറിന് തോന്നിക്കാണണം.

'ഭരണഘടന പുനഃസ്ഥാപിക്കുക, പട്ടാളഭരണത്തെ പുറത്താക്കുക എന്ന അജണ്ടയിൽ ഒരു സഖ്യം രൂപീകരിക്കാമെന്ന് ഭുട്ടോയും ഖാദി ഹുസൈനും സമ്മതിച്ചിരിക്കുന്നു'- പാക് ജമാഅത്തിന്റെ പബ്ലിക് റിലേഷൻസ് സെക്രട്ടറി അമീറുൽ അസീം പറഞ്ഞു. ഈ പ്രതിപക്ഷ സഖ്യത്തിൽ നവാസ് ശരീഫ് നേതൃത്വം നൽകുന്ന മുസ്ലിം ലീഗും ഉണ്ടായിരിക്കും. ■

## മുസ്‌ലിംനേതൃത്വത്തിന്റെ ശ്രദ്ധക്ക്

**വക്കം** അബ്ദുൽ ഖാദിർ മൗലവിയും മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബും മൊയ്തു മൗലവിയും സ്വാതന്ത്ര്യസമര പോരാളികൾ മാത്രമായിരുന്നില്ല. മികച്ച പത്രപ്രവർത്തകരുമായിരുന്നു. കേരള മുസ്‌ലിം നവോത്ഥാനത്തിൽ ഇവരെപ്പോലുള്ള നേതാക്കളുടെ ആദർശനിഷ്ഠമായ പത്രപ്രവർത്തനം വഹിച്ച പങ്ക് ഒട്ടും ചെറുതല്ല. കേരള മുസ്‌ലിംകൾ വിദ്യാഭ്യാസ പരമായി താരതമ്യേന പിന്നാക്കമാണെങ്കിലും, രാഷ്ട്രീയ പ്രബുദ്ധതയിൽ അവർ ആരുടെയും പിന്നിലല്ലാത്തതിന്റെ ഒരു കാരണം ഈ പത്രപ്രവർത്തന പാരമ്പര്യമാണ്. മുസ്‌ലിം രാഷ്ട്രീയത്തിന്റെ ഗതിവിഗതികൾ കേരളത്തിൽ ഭരണമാറ്റത്തിനു വരെ വഴിവെക്കുന്നു എന്നതാണ് സത്യം. മുസ്‌ലിം സംഘടനകളുടെ രക്ഷാധികാരത്തിൽ അഞ്ച് ദിനപത്രങ്ങൾ മലയാളത്തിൽ പുറത്തിറങ്ങുന്നതിന് സംഘടനാപോര് ഒരു കാരണമാവാമെങ്കിലും, പത്രപ്രവർത്തനത്തിൽ ഗുണപരമായ പല നേട്ടങ്ങളും സമുദായം അതുകൊണ്ട് കൈവരിക്കുന്നുണ്ട്.

എന്നാൽ തീർത്തും ഭിന്നമാണ് പത്രപ്രവർത്തനത്തിൽ ഇന്ത്യൻ മുസ്‌ലിംകളുടെ പൊതുനില. പൊതുസമൂഹവുമായി സംവദിക്കാൻ കാര്യമായ മാധ്യമ കോപ്പുകളൊന്നും അവരുടെ കൈവശമില്ല. മാധ്യമങ്ങളും ഭരണകൂടവും ചേർന്ന് സമുദായത്തെക്കുറിച്ച് ഭീകരവാദ നുണക്കഥകൾ പടച്ചുവിടുമ്പോൾ നിസ്സഹായരായി നോക്കിനിൽക്കാനേ അവർക്ക് കഴിയുന്നുള്ളൂ. ഉത്തരേന്ത്യയിൽ മുസ്‌ലിംകൾക്ക് ആകെക്കൂടിയുള്ളത് കുറച്ച് ഉർദു ദിനപത്രങ്ങളും വാരികകളുമാണ്. അവയിൽ പലതും അടച്ചുപൂട്ടിക്കഴിഞ്ഞു.

സ്വന്തമായി പത്രം/ചാനൽ നടത്താൻ കഴിയാത്തത് സാമ്പത്തിക പ്രയാസങ്ങൾ കൊണ്ടാണെന്ന് സമ്മതിക്കാം. മികച്ച പത്രപ്രവർത്തനത്തിലൂടെ സമുദായത്തിന്റെ ഇമേജ് കുറേയേറെ നന്നാക്കിയെടുക്കാം എന്നിരിക്കെ, പത്രപ്രവർത്തനം എന്ന തൊഴിലിൽ സമുദായ നേതൃത്വം പ്രത്യേക താൽപര്യം എടുക്കുന്നുണ്ടോ? അതും ഇല്ല. വിദ്യാസമ്പന്നരായ മുസ്‌ലിം ചെറുപ്പക്കാർ ഒന്നടങ്കം ഐ.ടി കോഴ്സുകൾക്ക് പിറകെയാണ്. ജെ.എൻ.യുവിലും ജാമിഅ മില്ലിയ്യയിലും ഉസ്മാനിയയിലും ഉർദു ജേർണലിസം കോഴ്സുകളുണ്ടെങ്കിലും അറിയപ്പെടുന്ന മുസ്‌ലിം ജേർണലിസ്റ്റുകൾ ഇപ്പോഴും വിരലിൽ എണ്ണാവുന്നവർ മാത്രം.

നാൽപത് മീഡിയാ ഓർഗനൈസേഷനുകളെക്കുറിച്ച് ദൽഹിയിലെ ഒരു സ്ഥാപനം നടത്തിയ സർവേയിൽ, എട്ടു ശതമാനം വരുന്ന സവർണരാണ് മാധ്യമമേഖലയുടെ എഴുപത്തിയൊന്ന് ശതമാനവും കൈവശം വെച്ചിരിക്കുന്നത് എന്ന് വ്യക്തമാവുകയുണ്ടായി. രണ്ട് ശതമാനം വരുന്ന ബ്രാഹ്മണർ മാധ്യമരംഗത്തെ 49 ശതമാനവും നിയന്ത്രിക്കുന്നു. ഇന്ത്യയിൽ 315 പ്രധാന മാധ്യമ പ്രവർത്തകരിൽ ഒരാൾ പോലും ദലിത്- ആദിവാസി വിഭാഗങ്ങളിൽനിന്ന് ഇല്ല. ജനസംഖ്യയുടെ നാൽപത് ശതമാനം വരുന്ന ഒ.ബി.സിക്ക് മാധ്യമ പ്രാതിനിധ്യം വെറും 4 ശതമാനം. മുസ്‌ലിംകൾക്ക് 3 ശതമാനം.

മൗലാനാ ആസാദിന്റെയും അലി സഹോദരന്മാരുടെയും സാകിർ ഹുസൈന്റെയും പാരമ്പര്യം അവകാശപ്പെടുന്ന ഇന്ത്യൻ മുസ്‌ലിംകൾ എന്തുകൊണ്ട് അക്ഷരങ്ങളെ ആയുധമാക്കുന്നില്ല എന്ന് ചോദിക്കുന്നു 'മുസ്‌ലിംകളും മാധ്യമങ്ങളും' എന്ന ലേഖനത്തിൽ മുരളി (*മലയാളം* വാരിക 2007 നവംബർ 16). മുസ്‌ലിം നേതൃത്വം ഗൗരവത്തിൽ ചിന്തിക്കേണ്ട വിഷയമാണിത്. ■